(ഇ) എങ്കിൽ അവ ഉപയോഗിച്ച് എത്ര ടൺ പാറ പൊട്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വകാര്യ ഭൂമിയിൽനിന്നും ഉടമസ്ഥന്റെ സമ്മത പത്രവും, പുറമ്പോക്ക് ഭൂമിയിൽനിന്നും ജില്ലാ കളക്ടർ നൽകുന്ന എൻ. ഒ. സി. യും ചേർത്ത് നിശ്ചിത ഫീസ് ഒടുക്കി 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾക്കനുസൃതമായി ക്വാറിയിങ് പെർമിറ്റിന് അപേക്ഷിക്കണം.

(ബി) മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിലെ ബന്ധപ്പെട്ട ജില്ലാ ജിയോളജിസ്റ്റിനാണ് ഇതിനുള്ള അധികാരം. (പുറമ്പോക്കു ഭൂമിയാണെങ്കിൽ തഹസിൽദാർ തുടങ്ങി മുകളിലുള്ള റവന്യൂ ഉദ്യോഗസ്ഥർക്കും ഒരു നിശ്ചിത പരിധിവരെയുള്ള അളവിൽ പെർമിറ്റ് നൽകാൻ അധികാരം നൽകിയിട്ടുണ്ട്.)

(സി) നിയമാനുസൃതമല്ല.

(ഡി) 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾക്കനുസൃതമായാണ് പാറ പൊട്ടിക്കുന്നതിനുള്ള ക്വാറിയിംഗ് പെർമിറ്റ് നൽകുന്നത്. ഇതിൽ ടെസറി ലൈസൻസ് നൽകാൻ വകുപ്പില്ല. റവന്യൂ വകുപ്പ് മറ്റും നിയമപ്രകാരം ഏതെങ്കിലും ലൈസൻസ് നൽകിയിട്ടുണ്ടോ എന്ന വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

ബോക്സൈറ്റ്, അലുമിനസ് ലാറ്ററൈറ്റ്, ചൈനാക്ലേ എന്നിവയുടെ ഖനനം

28 [479] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യാവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് താലൂക്കിലെ കരിന്തളം വില്ലേജിലെ 89-ാം നമ്പർ സർവ്വേ നമ്പരിലും കിനാനൂർ വില്ലേജിലെ 156, 198, 246, 248, 274 സർവ്വേ നമ്പരുകളിലുംപെട്ട ഭൂമിയിൽനിന്നും ബോക്സൈറ്റ്, അലുമിനസ് ലാറ്ററൈറ്റ്, ചൈനാക്ലേ എന്നിവ ഖനനം ചെയ്യുന്നതിനായി മുംബൈ ആശാപുര മൈൻ ഫെം ലിമിറ്റഡ് നൽകിയ അപേക്ഷയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ സർവ്വേ നമ്പരുകളിലായി എത്ര ഏക്കർ ഭൂമിയിൽ ഖനനം നടത്തുന്നതിനാണ് പ്രസ്തുത സ്ഥാപനം അപേക്ഷ നൽകിയിട്ടുള്ളതെന്നും അത്രയും ഭൂമി അവരുടെ ഉടമസ്ഥതയിൽ ലഭ്യമാണോ എന്നും വ്യക്തമാക്കാമോ;

(സി) മേൽ സർവ്വേ നമ്പരുകളിലായി എന്തൊക്കെ ഖനിജങ്ങളാണ് ലഭ്യമായിട്ടുള്ളതെന്നും അവ ഓരോന്നും എത്ര മീറ്റർ ആഴത്തിലാണ് സ്ഥിതി ചെയ്യുന്നതെന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പ്രദേശത്ത് അത്രയും ആഴത്തിൽ ഖനനം നടത്തുന്നതിന്റെ പാരിസ്ഥിതിക ആഘാതം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത സ്ഥാപനം ഖനിജങ്ങൾ ഉപയോഗിച്ച് ഈ വില്ലേജുകളിൽ സംസ്കരണശാല നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഖനിജങ്ങൾ എവിടേക്ക് കടത്തിക്കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത കമ്പനി ഇതിനായി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) മുബൈയിലെ ആശാപുര മൈൻ ഖേം ലിമിറ്റഡ് എന്ന കമ്പനി നൽകിയ പ്രസ്തുത അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കരിഞ്ചളത്ത് 426.72 ഹെക്ടർ സ്ഥലത്തും കിനാനൂരിൽ 676.11 ഹെക്ടർ വരുന്ന സർക്കാർ പുറമ്പോക്കിൽനിന്നും പതിവുഭൂമിയിൽനിന്നുമുള്ള ഖനനാനുമതിക്കാണ് അപേക്ഷിച്ചിട്ടുള്ളത്. ഈ ഭൂമി ഇപ്പോൾ സർക്കാർ അധീനതയിലാണ്.

(സി) അലൂമിനിയം വേർതിരിച്ചെടുക്കുവാൻ അനുയോജ്യമായ സാന്ദ്രതയുള്ള ബോക്സൈറ്റ് മിതമായ അലൂമിനിയം അളവുള്ള ലോ ഗ്രേഡ് ബോക്സൈറ്റ്, ചീനകളിമൺ എന്നിവ ലഭ്യമാണ്. ഉപരിതലത്തിൽ 6-8 മീറ്റർ വരെ ബോക്സൈറ്റും താഴെ ഉദ്ദേശം 12-15 മീറ്റർ ഘനത്തിൽ ചീന കളിമണ്ണും കാണപ്പെടുന്നു.

(ഡി) ഖനനത്തിന് അപേക്ഷിച്ചിട്ടുള്ള സ്ഥലം ആൾ താമസമില്ലാത്തതാണ്. മുകളിൽ പ്രതിപാദിച്ചിട്ടുള്ള ബോക്സൈറ്റ് ചീനകളിമൺ എന്നിവയുടെ ഘടനാകാരണം മഴവെള്ളം ഈ പ്രദേശത്ത് ഭൂമിയിലേക്ക് ഊർന്നിറങ്ങുന്നില്ല. ഇക്കാരണത്താൽ ഇവിടെ ഭൂഗർജലം ലഭ്യമല്ല. ബോക്സൈറ്റ് ഉപരിതലത്തിൽ കാണുന്നതുകൊണ്ട് പ്രകൃത്യാലുള്ള സോയിൽ ഫോർമേഷൻ ഇവിടെ നടക്കുന്നില്ല. ഇക്കാരണത്താൽ ഈ ഭൂമി കൃഷിക്ക് അനുയോജ്യമല്ല. ഇപ്രകാരം വിപരീത ഫലങ്ങൾ ഉണ്ടാക്കുന്ന ബോക്സൈറ്റ്, ചീനകളിമൺ എന്നിവ ഖനനം ചെയ്തു മാറ്റിയാൽ ഈ ഭൂമി ഭാവിയിൽ കൃഷിക്ക് അനുയോജ്യമായി രൂപപ്പെടുത്താൻ സാധിക്കും. മൈനിംഗ് ലീസ് നൽകിയശേഷം പരിസ്ഥിതി ആഘാതപഠനം നടത്തി കേന്ദ്ര സർക്കാരിന്റെ വനം-പരിസ്ഥിതി വകുപ്പിൽ നിന്നും ക്ലിയറൻസ് വാങ്ങേണ്ടത് നിയമപരമായ ഒരു ആവശ്യമാണ്. ഇതിനുശേഷമേ ഖനന സ്ഥലത്തേക്ക് അപേക്ഷകന് പ്രവേശനാനുമതിയുള്ളൂ എന്നതിനാൽ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ആശങ്കപ്പെടേണ്ടതില്ല.

(ഇ) കാൽസൈൻഡ് ബോക്സൈറ്റ് പ്ലാന്റ് ഇവിടെ സ്ഥാപിക്കുമെന്ന വ്യവസ്ഥയിൻമേലാണ് സർക്കാർ പ്രസ്തുത അപേക്ഷകൾ പരിഗണനയ്ക്ക് എടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളത്. കാൽസിനേഷന് അനുയോജ്യമല്ലാത്ത ലോ ഗ്രേഡ് ബോക്സൈറ്റ് കേരളത്തിലും, പുറത്തുമുള്ള സിമന്റ് ഫാക്ടറികളിലേക്കും കയറ്റി അയയ്ക്കപ്പെടുന്നതാണ്. കാൽസൈൻഡ് ഉൽപ്പാദിപ്പിക്കുവാനുള്ള സന്നദ്ധത അപേക്ഷകർ പ്രകടിപ്പിച്ചിട്ടുണ്ട്.

(എഫ്) സർക്കാരിന് ഇതു സംബന്ധമായി പ്രോജക്ട് റിപ്പോർട്ട് ഒന്നും കമ്പനി സമർപ്പിച്ചിട്ടില്ല.

പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി

29 [482] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മണ്ഡലത്തിലെ ആലപ്പുഴ ജില്ലയിൽപ്പെട്ട കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) ഈ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒഴിഞ്ഞ് കിടക്കുന്ന പ്ലോട്ടുകളിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിലുള്ള കൂടുതൽ വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പന്തളം മണ്ഡലത്തിലെ ആലപ്പുഴ ജില്ലയിലെ കൊച്ചാലുംമൂട് വ്യവസായ എസ്റ്റേറ്റിൽ വ്യവസായ വകുപ്പിന്റെ കീഴിൽ ഇപ്പോൾ 41 വ്യവസായ യൂണിറ്റുകളാണുള്ളത്. അവയിൽ 6 എണ്ണം പ്രവർത്തന രഹിതമാണ്. പ്രവർത്തന രഹിതമായ യൂണിറ്റുകൾ തിരിച്ചെടുത്ത് വ്യവസായികൾക്കു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കൊച്ചാലുംമൂട് വ്യവസായ എസ്റ്റേറ്റിൽ സിഡ്കോയുടെ അധീനതയിൽ 19.15 ഏക്കർ ഭൂമി ഉണ്ട്. 16.75 ഏക്കർ ഭൂമി വ്യവസായ സംരംഭകർക്ക് അലോട്ടുചെയ്തുകഴിഞ്ഞു. ഇവിടെ മൊത്തം 38 ഷെഡ്ഡുകളാണ് ഉള്ളത്.

(ബി) കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പ്ലോട്ടുകളൊന്നുംതന്നെ ഒഴിഞ്ഞു കിടക്കുന്നില്ല. സിഡ്കോയുടെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ അപേക്ഷിക്കുന്നതനുസരിച്ച് നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) കൂടുതൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പഞ്ചായത്ത് തലത്തിൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനും, സ്വകാര്യ വ്യവസായ വാണിജ്യ എസ്റ്റേറ്റുകൾ തുടങ്ങുന്നതിനുംവേണ്ട സഹായങ്ങൾ നൽകുന്നുണ്ട്. സിഡ്കോയുടെ കീഴിലുള്ള ഇൻഡസ്ട്രിയൽ പാർക്കുകൾ വികസിപ്പിച്ചെടുത്ത് വ്യവസായികൾക്ക് കൈമാറുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly